# MES FRUPS

## VEKKODE



# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

# ആമുഖം

ഒരു നാടിന്റെ സാംസ്കാരിക വളർച്ച ആ നാടിന്റെ വിദ്യാലയ വുമായി വളരെയധികം ബന്ധപ്പെട്ടുകിടക്കുന്നതാണ്. എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുന്നതിലൂടെ സമൂഹത്തിന്റെ ഉയർച്ച വളരെ പെട്ടെന്ന് ലക്ഷ്യത്തിൽ എത്തിച്ചേരുന്നതാണ്. അക്കാദ മിക മികവുകൾക്കായി വിവിധയിനം പ്രവർത്തനങ്ങൾ നടത്തുന്ന തിലൂടെ ഓരോ കുട്ടിയേയും ഉയർത്തിക്കൊണ്ടുവരാൻ സാധിക്കു ന്നു. ആയതിനാൽ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളായിരിക്കണം തയ്യാറാക്കേണ്ടത്. മൂല്യാ ധിഷ്ഠിതമായ പ്രവർത്തനങ്ങൾ ഒരുക്കുന്നതിലൂടെ നാളത്തെ സമൂ ഹത്തെ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുന്നതാണ്. എല്ലാ കുട്ടി കളുടെയും എല്ലാ കഴിവുകളും അതിന്റെ പൂർണ്ണതിയിലേക്ക് എത്താൻ സഹായിക്കുന്ന വിധമായിരിക്കണം. എന്നാൽ കരിക്കുലം ലക്ഷ്യ മാക്കുന്ന എല്ലാ പഠന നേട്ടങ്ങളും അതിന്റെ പൂർണ്ണതയിൽ കുട്ടി കൾ ആർജ്ജിക്കുകയും വേണം. പരസ്പരം സഹായിക്കാനും സൗഹൃദ മനോഭാവം വളർത്തിയെടുക്കാൻ സാധിക്കുന്ന രീതിയി ലുള്ള അന്തരീക്ഷം നാം വിദ്യാലയത്തിൽ ഉണ്ടാക്കിയെടുക്കണം. കുട്ടികളുടെ ക്രിയാത്മക ശേഷിയും, ചിന്താശേഷിയും വളർത്തി യെടുക്കാൻ ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവെ യ്ക്കാനുള്ള സാഹചര്യം ഉണ്ടാക്കുകയും വേണം.

# വിദ്യാലയ ചരിത്രം:

ഏകദേശം 100 വർഷങ്ങൾക്കു മുമ്പുള്ള കേരളത്തിന്റെ സാമൂഹിക പശ്ചാത്തലത്തിലേക്ക് ആഴ്ന്നിറങ്ങുമ്പോൾ മാത്രമാണ് എത്രമാത്രം ശോചനീയമായിരുന്നു അതെന്ന് തിരിച്ചറിയാൻ നമുക്ക് കഴിയുന്നത്. കേരളത്തിന്റെ തീരപ്രദേശങ്ങളുടെ അവസ്ഥയോ.... അവർണ്ണനീയ മാംവിധം പരിതാപകരവു.ം കേരളമാകമാനം ആ കാലഘട്ടത്തിലുണ്ടായ സാമുദായികവും സാംസ്കാരികവുമായ സവോത്ഥാനത്തിന്റെ അനുകരണങ്ങൾ ഈ കൊച്ചുഗ്രാമത്തിലും എത്തി.

തോടുകളും പാടങ്ങളും നിറഞ്ഞ ഈ ഗ്രാമപ്രദേശത്തു നിന്നും നാഴികകൾ താണ്ടി ജനങ്ങളെ പട്ടണത്തിലെ പള്ളിക്കുടത്തിൽ എത്തിക്കുക എന്നത് സാഹസം തന്നെയായിരുന്നു. കാലാവസ്ഥയ്ക്കനുസൃതമായി ജീവിതം തട്ടിയും മുട്ടിയും മുന്നോട്ടു കൊണ്ടുപോകേണ്ടുന്ന അന്തരീക്ഷം, ഉയർന്ന സാമ്പത്തിക ചെലവുകൾ ഏറ്റെടുക്കാൻ കഴിയാത്ത സമൂഹം എന്നിവയും പ്രതിബന്ധങ്ങളായി നിലകൊണ്ടു.

# സ്ഥാപിത സാഹചര്യം

ബ്രിട്ടീഷ് ഭരണകൂടത്തിൻ കീഴിലുള്ള പഴയ മദിരാശിയുടെ ഭാഗമായ തെക്കെ മലബാറിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്ത് പടിഞ്ഞാറെ വെമ്പല്ലൂരിൽ 1933ലാണ് വേക്കോട് ജി.കെ.യുപിഎസ് സ്ഥാപിതമായത്. സാധാരണക്കാർക്ക് വിദ്യാഭ്യാസം അപ്രാപ്യമായിരുന്ന കാലഘട്ടം, സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും ശോചനീയാവസ്ഥയിലായിരുന്ന വേക്കോട് ദേശത്ത് അന്നത്തെ വിപരീത സാഹചര്യങ്ങളെല്ലാം അതിജീവിച്ചുകൊണ്ട് ആരംഭിച്ച സംരംഭമാണ് ഈ വിദ്യാലയം.

അന്ധവിശ്വാസങ്ങളും, ഭൂതവും, യക്ഷിയും എല്ലാം ഈ പ്രദേശത്തെ ആളുകളുടെ മനസ്സിൽ കുടിയേറി പാർത്തിരുന്നകാലം, പ്രദേശത്തെ അയ്യപ്പൻകാവ് അമ്പലം അതിനേട് ചേർന്ന് വലിയ രണ്ട് പനകൾ, അതിൽ പണ്ടെങ്ങോ ദുർമരണം സംഭവിച്ച തേവാലി വർക്കി എന്നയാളുടെ ബാധ, ആത്മാവ് പനയിൽ കൂടിയിരിക്കുന്നുണ്ടെന്നും, സാധാരണ സമയങ്ങളിലും സന്ധ്യകഴിഞ്ഞും ആ വഴി പനയുടെ മുന്നിലുടെ പോകുന്ന പലർക്കും തേവാലി വർക്കിയുടെ നിലവിളികളും ഉപദ്രവവും ഉണ്ടായിരുന്നതായി വാമൊഴിയുലൂടെ പ്രചരിച്ചിരുന്നു.

സ്ഥലത്തെ പ്രധാന തവവാട്ടുകാരായ ആർ.ഗോപാലകൃഷ്ണ മേനോനും, നാരായണ മേനോനും ജനങ്ങളുടെ മനസ്സിലെ ഈ അന്ധകാരത്തെ മാറ്റുവാൻ അറിവും വിദ്യയും കൊണ്ട് സാധിക്കൂ എന്ന് മനസ്സലാക്കിക്കൊണ്ട് സ്ഥലത്ത് ഒരു വിദ്യാലയം എന്ന സംരംഭം ഉണ്ടാക്കുവാൻ മുൻകൈ എടുത്തു. അതിന് സ്ഥലം കണ്ടെത്തി

യത് അയ്യപ്പൻകാവ് അമ്പലത്തിന് തൊട്ടടുത്ത്. വിദ്യാലത്തിലേക്ക് കുട്ടികളെ വിടാൻ രക്ഷിതാക്കൾ സമ്മതിച്ചിരുന്നില്ല. പകൽ പോലും ആ പ്രദേശത്തെ വഴിയിലൂടെ നടക്കുവാൻ പേടിച്ചിരുന്ന ഗ്രാമവാസികൾ കുട്ടികളെ വിദ്യാലത്തിലേക്ക് അയക്കാൻ ധൈര്യപ്പെട്ടില്ല. പ്രദേശവാസികളുടെ ഭയം മാറുവാൻ ഒരു രാത്രി ഇവർ രണ്ടുപേരും (ആർ.ഗോപാലകൃഷ്ണ മേനോനും, നാരായണ മേനോനും) അതിനായി വിദ്യാലത്തിനുവേണ്ടി വെച്ചുകെട്ടിയ താൽക്കാലിക ഷെഡ്ഡിൽ കഴിഞ്ഞുകൂടുകയും ചെയ്തു. നേരം വെളുത്തപ്പോൾ ഒരു പോറൽ പോലുമേൽക്കാതെ ഉണർന്നെഴുന്നേറ്റ മേനോൻ സഹോദരൻമാരെ കണ്ടപ്പോൾ ജനങ്ങളുടെ അന്ധവിശ്വാസം പറപറന്നു. വിദ്യാലത്തിലേക്ക് സ്വന്തം കുട്ടിക്കളെ പറഞ്ഞയക്കാൻ മാതാപിതാക്കൾക്ക് ഉണ്ടായിരുന്ന അധൈര്യവും പാടെ വിട്ടകന്നു.

# പിന്നിട്ട വഴികൾ

1932ൽ ശ്രീനാരായണപുരം സെന്ററിലെ പാപ്പിനിവട്ടം സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടായിരുന്നത് കൊണ്ട് 6, 7, 8 ക്ലാസ്സുകളാണ് ആദ്യം ആരംഭിച്ചത്. പിന്നീടാണ് എൽ.പി. ക്ലാസ്സുകൾ ആരംഭിച്ചത്. ഗ്രാമത്തിലെ മൊത്തം ജനതക്കും എല്ലാത രത്തിലുമുള്ള ഐശ്വര്യങ്ങളും നൽകാൻ ഈ വിദ്യാലയത്തിനു കഴി ഞ്ഞിട്ടുണ്ട്. ആദ്യകാലങ്ങളിൽ ഇവിടത്തെ മദ്രാസ് എലിമെന്ററി പരീക്ഷ പാസ്സാവുന്നവർക്ക് അന്ന് ഹൈസ്ക്കൂളുകളിൽ ഫോർത്ത് ഫോമിൽ തന്നെ അഡ്മിഷൻ നല്കിയിരുന്നു എന്ന വസ്തുത എടുത്ത് പറയേണ്ടതാണ്. ഏകദേശം അരനൂറ്റാണ്ട് കാലത്തോളം പുരോഗതിയുടെ ഉത്തുംഗാവസ്ഥയിലെത്തി നിന്നിരുന്നു. ഈ വിദ്യാലയം പിന്നീട് പല പ്രതികൂലസാഹചര്യങ്ങളിലൂടേയും കടന്ന് അൺ എക്കണോമിക് വിദ്യാലയമാകുന്ന സാഹചര്യം ഉണ്ടായി. ഈ സാഹചര്യത്തിലാണ് 1999-ൽ ശ്രീ. ടി. ബാലകൃഷ്ണൻ അമ്പാടി സ്കൂൾ ഏറ്റെടുക്കുന്നത്. എല്ലാ പ്രതികൂല സാഹചര്യങ്ങളേയും തരണം ചെയ്ത് സ്കൂളിനെ കെട്ടിലും, മട്ടിലും, ചട്ടങ്ങളിലും പ്രൗഢ ഗംഭീരമായ ഒരു മാതൃകാ വിദ്യാലയത്തിന്റെ തലത്തിലേക്ക് ഉയർത്തി.

പിന്നീട് 2008 ൽ ഈ വിദ്യാലയം എം.ഇ.എസ് എന്ന മഹാപ്ര സ്ഥാനത്തിന് കീഴിൽ പ്രവർത്തിച്ചു തുടങ്ങി. വിദ്യാലയത്തിന്റെ പേര് എം.ഇ.എസ്. ഫാത്തിമ റഹ്മാൻ അപ്പർ പ്രൈമറി സ്കൂൾ എന്നായി. സ്കൂൾ കെട്ടിടങ്ങൾ അത്യാധുനിക സൗകര്യത്തോടെ പുതുക്കി നിർമ്മിച്ചു. കുട്ടികൾക്കായി മനോഹരമായ ക്ലാസുകളും, ചിൽഡ്ര ൻസ് പാർക്കും സ്കൂളിന്റെ മുതൽക്കൂട്ടായി. സാമൂഹിക വികസനം ഭാവിതലമുറയിൽ നിന്നായിരിക്കണം തുടങ്ങേണ്ടത്. ഭാവിതലമുറ വളരുന്നത് വിദ്യാലയങ്ങളിലാണ്. വിദ്യാലയങ്ങൾക്ക് മറ്റ് ഏജൻസികളു ടെ സഹായം കൂടിയാകുമ്പോൾ ഉദ്ദേശത്തിന് പൂർണ്ണത ലഭിക്കുന്നു.

# വിദ്യാലയത്തിന്റെ നിലവിലെ അവസ്ഥ

തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലയിലെ കൊടുങ്ങല്ലൂർ ഉപജില്ലയിൽ ഉൾപ്പെടുന്നതാണ് വേക്കോട് എം.ഇ.എസ്.എഫ്.ആർ യു.പി സ്കൂൾ. ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയത്തിൽ നിലവിൽ പ്രീപ്രൈമറി മുതൽ ഏഴാം തരം വരെ 250 ഓളം കുട്ടികൾ പഠിച്ചുകൊണ്ടിരിയ്ക്കുന്നു. പാഠ്യപാഠ്യേതര വിഷയങ്ങളിൽ ശ്രദ്ധേയമായ മുന്നറ്റം ഈ വിദ്യാലയത്തിന് കൈവരിയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇവിടുത്തെ വിദ്യാർത്ഥികളെ അന്താരാഷ്ട്രനിലവാരത്തിലേയ്ക്കെത്തിക്കുവാൻ വേണ്ട മുന്നൊരുക്കൾ ആരംഭിച്ചു കഴിഞ്ഞു. അതിന്റെ ഭാഗമായുള്ള വികസന പ്രവർത്തനങ്ങൾക്ക് രൂപം നല്കിയിട്ടുണ്ട്. പുതിയ നിലവാരത്തിലുള്ള എൽ.പി. സ്കൂൾ കെട്ടിടം, ടോയ്‌ലറ്റുകൾ, ഭക്ഷ്യ വസ്തുക്കൾ സംഭരിച്ചു വെയ്ക്കുന്നതിനുള്ള മുറി, സ്മാർട്ട് ക്ലാസ് മുറികൾ തുടങ്ങിയവ പ്രാപ്യമാകേണ്ട സ്വപ്നങ്ങളാണ്. ഏകദേശം 1 ഏക്കർ 8 സെന്റിൽ പരം ഭൂവിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന കെട്ടിട സമുച്ചയമാണ് സ്കൂളിനുള്ളത്. 2012ൽ സ്കൂളിന് പുതിയൊരു കെട്ടിടവും 2017ൽ നവീകരിച്ച കെട്ടിടവും ലഭിച്ചു. അന്താരാഷ്ട്ര നിലവാരത്തിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയെടുക്കുന്നതിൽ ഈ വിദ്യാലയം എറെ മുന്നേറേണ്ടതുണ്ട്.

# ഭൗതിക ലക്ഷ്യങ്ങൾ

കമ്പ്യൂട്ടർ ലാബ്, ശാസ്ത്ര ലാബ്, എൽ.കെ.ജി, യു.കെ.ജി ഉൾപ്പെടെ 15 ഓളം ക്ലാസ്സ് മുറികളാണ് വിദ്യാലയത്തിലുള്ളത്. കുട്ടി കളുടെ എണ്ണത്തിന് ആനുപാതികമായി ക്ലാസ്സ് മുറികളുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. കുട്ടികളുടെ കലാപരമായ വിക സനത്തിനായി ആധുനിക സൗകര്യത്തോടുകൂടിയ സ്റ്റേജ്, കായിക വികസനത്തിനായി മൈതാനം, മാനസീകോത്സാഹത്തിനായി പാർക്ക്, സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ചുറ്റുമതിൽ നവീകരണം, സിസിടിവി ക്യാമറകൾ, ജൈവവൈവിധ്യ ഉദ്യാനം, ഫർണ്ണീച്ചറു കൾ, പഠനസാമഗ്രികൾ, അലമാരകൾ, ആധുനിക സൗകര്യത്തോ ടുകൂടി സ്മാർട്ട് ക്ലാസ് മുറികൾ, പ്രൊജക്ടറുകൾ, ലാപ്ടോപ്പു കൾ, തുടങ്ങിയ നിരവധി ക്രമീകരണങ്ങൾ വിദ്യാലയത്തിന് അനി വാര്യമാണ്. സാമൂഹിക പങ്കാളിത്തത്തോടെ ജനപ്രതിനിധികൾ, മാനേജർ സർക്കാർ- സർക്കാരിതര ഏജൻസികൾ ക്ലബ്ബുകൾ ഒ.എസ്.എ., എസ്.എം.സി എന്നിങ്ങനെയുള്ളവരെ സമീപിച്ച് വിദ്യാലയ സൗക ര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തീരുമാനം എടുത്തിട്ടുണ്ട്.

# അക്കാദമിക ലക്ഷ്യങ്ങൾ

പഠന പ്രക്രിയയുടെ പരിപൂർണ്ണതയ്ക്ക് ശിശുസൗഹൃദാന്തരീക്ഷവും പഠനവിഭങ്ങളുടെ ലഭ്യതയും അനിവാര്യമാണ്. ജ്ഞാനസമ്പാദനത്തിന് ഇന്ദ്രീയങ്ങൾ നൈസർഗ്ഗീയമായി പ്രയോജനപ്പെടുത്താനുള്ള കഴിവോടെയാണ് കുട്ടികൾ ജനിയ്ക്കുന്നത്. നവ്യമായ രീതിയിൽ ലോകത്തെ നോക്കികാണാനും മനസ്സിലാക്കാനുമുള്ള സാധ്യതകൾ വിദ്യാലയത്തിൽ നിന്നും ഔപചാരികപഠനം വഴി കുട്ടികൾക്ക് ലഭ്യമാക്കേണ്ടതുണ്ട്. പ്രശനഘട്ടങ്ങളിൽ സജീവമായി ഇടപെട്ടുകൊണ്ട് കുട്ടികൾ പ്രശ്നപരിഹാരത്തിൽ ഏർപ്പെടുന്നതിലൂടെ പഠനപ്രക്രിയ നടക്കുന്നു. സുഗമമായ ഈ പ്രക്രിയയുടെ വിജയത്തിന് താഴെ പറയുന്ന വിവിധ അക്കാദമിക് പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കാൻ ലക്ഷ്യമിടുന്നു.

1. മാനുഷിക മൂല്യങ്ങൾ വളർത്തുക
2. ശിശു സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുക
3. കുട്ടിയെ തിരിച്ചറിഞ്ഞുകൊണ്ടുള്ള വൈവിധ്യമായ പഠന പ്രവർത്തനങ്ങൾ
4. ആരോഗ്യം, ശുചിത്വം എന്നിവയുടെ പ്രധാന്യം മനസ്സിലാക്കുന്ന പ്രവർത്തനങ്ങൾ
5. പ്രാദേശിക തലം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
6. പരിസ്ഥിതിയുടെ പ്രാധാന്യം തിരിച്ചറിയിയ്ക്കുന്ന പ്രവർത്തനങ്ങൾ
7. ഭാഷാസ്വാധീനം വർദ്ധിപ്പിക്കുന്നതിനുള്ള പഠനപ്രവർത്തനങ്ങൾ
8. ശാസ്ത്ര വിഷയങ്ങൾ എളുപ്പം കൈകാര്യം ചെയ്യുന്നതിനുള്ള പ്രാധാന്യം
9. പ്രശ് നാപഗ്രഥനം നടത്തി നിഗമനത്തിലെത്തിച്ചേരുന്നതിൽ പ്രാവീണ്യം നേടുന്നതിനുള്ള പ്രവർത്തനം

10. കുട്ടികൾക്കും രക്ഷിതാക്കൾക്കും കൺസലിംഗ് ക്ലാസുകൾ നൽകുന്നതിലൂടെ വ്യക്തിത്വ വികാസം
11. ദിനാചകണങ്ങൾ വിപുലമായി സംഘടിപ്പിക്കുക
12. അദ്ധ്യാപക രക്ഷാകർതൃബന്ധം സുദൃഢമായി വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിയ്ക്കുന്നതിന് പ്രയോജനപ്പെടുത്തുക.
13. തനത് പ്രവർത്തനം ഹെർബർ ഗാർഡൻ
14. തൊഴിൽ നൈപുണി വർദ്ധിപ്പിക്കുന്നതിന് കായികവും പ്രവൃത്തിപരിചയ മേഖലകളിൽ ഊന്നൽ നൽകികൊണ്ടുള്ള വിദ്യാഭ്യാസം
15. വ്യക്തി വികസനത്തിനും ആത്മവിശ്വാസം പകരുന്നതിലേക്ക് കാരാട്ടെ പരിശീലനം
16. ശാസ്ത്ര അഭിരുചി വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രനാടകം
17. ഐ.സി.ടി സാധ്യത എല്ലാ ക്ലാസ്സുകളിലും ഉപയോഗപ്പെടുത്തുന്നു
18. ഐ.ഇ.ഡി.സി കുട്ടികൾക്കായി പ്രശസ്ത ആപ്പ്, ഉന്നമനത്തിനായി അനുരൂപികരണ പ്രവർത്തനങ്ങൾ
19. LSS, USS, STEPS, NUMATHS. Sansckris Scholarship. Uradu Talent, PCM, Sugama Hindi, Arabic Scholarsip പരിശീലനം
20. ഡിജിറ്റൽ സാക്ഷരത

# പൊതുവിദ്യാഭ്യാസത്തിന്റെ പ്രസക്തി

ഒരു നാടിന്റെ സാംസ്കാരിക വളർച്ച ആ നാടിന്റെ വിദ്യാലയവുമായി വളവരെയധികം ബന്ധപ്പെട്ട് കിടുക്കുന്നതാണ്. എല്ലാവർക്കും ഗുണമേൻമയുള്ള വിദ്യാഭ്യാസം ലഭിക്കുന്നതിലുടെ സമൂഹത്തിന്റെ ഉയർച്ച വളരെ പെട്ടെന്ന് ലക്ഷ്യത്തിൽ എത്തിചേരുന്നതാണ്. അക്കാദമിക മികവുകൾക്കായി വിവിധയിനം പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ ഓരോ കുട്ടിയേയും ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുന്നു. ആയതിനാൽ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളായിരിക്കണം തയ്യാറാക്കേണ്ടത്. മൂല്യാധിഷ്ഠിതമായ പ്രവർത്തനങ്ങൾ ഒരുക്കുന്നതിലൂടെ നാളത്തെ സമൂഹത്തെ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുന്നതാണ്. എല്ലാ കുട്ടികളുടേയും എല്ലാ കഴിവുകളും അതിന്റെ പൂർണ്ണതയിലേക്ക് എത്താൻ സഹായിക്കുന്ന വിധമായിരിക്കണം. എന്നാൽ കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠന നേട്ടങ്ങളും അതിന്റെ പൂർണ്ണതയിൽ കൂട്ടികൾ ആർജ്ജിക്കുകയും വേണം. പരസ്പരം സഹായിക്കാനും സൗഹൃദ മനോഭാവം വളർത്തിയെടുക്കാനും സാധിക്കുന്ന രീതിയിലുള്ള അന്തരീക്ഷം നാം വിദ്യാലയത്തിൽ ഉണ്ടാക്കിയെടുക്കണം. കുട്ടികളുടെ ക്രിയാത്മക ശേഷിയും ചിന്താശേഷിയും വളർത്തിയെടുക്കാൻ ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാനുള്ള സാഹചര്യം ഉണ്ടാകുകയും വേണം.

# ലക്ഷ്യങ്ങൾ

സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയിപ്പിക്കുന്നതിനായി പഠന - പഠനാനുബന്ധ - പഠനേതര പ്രവർത്തനങ്ങളെ ശരിയായ രീതിയിൽ എല്ലാവരുടേയും പങ്കാളിത്തത്തോടെ പൂർത്തിയാക്കാനുദ്ദേശിക്കുന്ന വിവിധ കർമ്മ പദ്ധതികളാണ് മുന്നോട്ട് വയ്ക്കുന്നത്.

- ❖ ഓരോ ക്ലാസിലെ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക.
- ❖ അക്കാദമിക മികവുകൾ ഉയർത്തിക്കൊണ്ടുവരിക.
- ❖ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.
- ❖ ഓരോ കുട്ടിയേയും മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസം നൽകി സമൂഹത്തിന് ഉപകാരപ്പെടുന്ന വ്യക്തിത്വങ്ങളാക്കി ഉയർത്തിക്കൊണ്ടുവരിക.
- ❖ പഠന - പഠനേതര കഴിവുകൾ അതിന്റെ പൂർണ്ണതയിൽ കുട്ടികൾ ആർജ്ജിച്ചെടുക്കുക.
- ❖ കലാ കായിക പ്രവൃത്തി പരിചയ മികവ് ഉറപ്പ് വരുത്തുന്നതിനാവശ്യമായ ഭൗതീക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- ❖ പഠനത്തിൽ പിന്നോക്കക്കാർക്ക് ആവശ്യമായ സഹായം നൽകി ഉയർത്തിക്കൊണ്ടുവരാൻ വേണ്ട സഹായം നൽകുന്നു.

# അക്കാദമിക മാസ്റ്റർപ്ലാൻ 2025 - 26

# എൽ.കെ.ജി

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

**ക്ലാസ് : എൽകെജി**

**മേഖല : അക്കാദമികം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ ഭാഷാപരമായ കഴിവുകൾ വികസിപ്പിക്കുക.<br><br>ഗണിതശാസ്ത്രപരമായ അടിസ്ഥാന ആശയങ്ങൾ മനസ്സിലാക്കുക.<br><br>ചുറ്റുപാടുകളെക്കുറിച്ചുള്ള അറിവ് നേടുക.<br><br>സർഗ്ഗാത്മകതയും വിമർശനാത്മക ചിന്തയും പ്രോത്സാഹിപ്പിക്കുക.<br><br>സാമൂഹികവും വൈകാരികവുമായ കഴിവുകൾ വളർത്തുക. | **മലയാളം:**<br>➢ അക്ഷരമാല(സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷരങ്ങൾ, ചില്ലക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ) തിരിച്ചറിയാനും ഉച്ചരിക്കാനും പഠിക്കുക.<br>➢ അക്ഷരങ്ങൾ എവുതാൻ പഠിക്കുക.<br>**ഇംഗ്ലീഷ്:**<br>➢ അക്ഷരമാല തിരിച്ചറിയാനും ഉച്ചരിക്കാനും പഠിക്കുക.<br>➢ അക്ഷരങ്ങളുടെ സൗണ്ട് പഠിക്കുക.<br>➢ അക്ഷരങ്ങൾ എഴുതാൻ പഠിക്കുക.<br>**ഗണിതം:**<br>➢ അക്കങ്ങൾ തിരിച്ചറിയാനും ഉച്ചരിക്കാനും പഠിക്കുക.<br>➢ അക്കങ്ങൾ എഴുതാൻ പഠിക്കുക.<br>➢ ചിത്രങ്ങൾ നോക്കി പേര് പറയാൻ പഠിക്കുക.<br><br>➢ അക്ഷരങ്ങളുടെ ചിത്രങ്ങൾ കാണിച്ച് വായിപ്പിക്കൽ.<br>➢ പാത്രത്തിലെടുത്ത മണലിൽ അക്ഷരങ്ങൾ എഴുതി പഠിപ്പിക്കുക.<br>➢ സാൻഡ്പേപ്പറിൽ ട്രേസ് ചെയ്യിപ്പിക്കുക.<br>➢ നമ്പേഴ്സിന്റെ കാർഡുകൾ കാണിച്ച് പഠിപ്പിക്കുക.<br><br>➢ സാൻഡ്പേപ്പർ അക്ഷരങ്ങൾ തനിയെ വായിക്കാൻ ശ്രമിക്കുക.<br>➢ ചിത്രങ്ങൾ നോക്കി പേര് തനിയെ വായിക്കുക. | ജൂൺ<br><br>ഒക്ടോബർ | |

| | | | |
|---|---|---|---|
| | ➢ നമ്പേഴ്സ് സാൻഡ്പേപ്പറിൽ തൊട്ട് വായിക്കുക.<br>➢ അക്ഷര കാർഡുകളിൽ നിന്ന് പറയുന്ന അക്ഷര ങ്ങൾ തിരഞ്ഞെടുക്കുക.<br>➢ തനിയെ വായിക്കുക.<br>➢ നമ്പേഴ്സ് തനിയെ ഐഡന്റിഫൈ ചെയ്യുക.<br>➢ ചിത്രങ്ങൾ നോക്കി പേര് പറയുക<br>➢ അതിനോട് ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.<br>➢ അക്ഷര കാർഡുകളിൽ നിന്ന് പറയുന്ന അക്ഷരങ്ങൾ തിരഞ്ഞെടുക്കുക<br>➢ തനിയെ വായിക്കുക.<br>➢ നമ്പേഴ്സ് തനിയെ ഐഡന്റിഫൈ ചെയ്യുക<br>➢ ചിത്രങ്ങൾ നോക്കി പേര് പറയുക<br>➢ അതിനോട് ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം നൽകുക<br>➢ അക്ഷരങ്ങൾ എഴുതി പഠിച്ചു<br>➢ ചെറിയ വാക്കുകൾ കൂട്ടി വായിക്കാൻ പഠിച്ചു<br>➢ കോപ്പി ബുക്ക് എഴുതി<br>➢ 1.......50 വരെ എണ്ണാനും എഴുതാനും പഠിച്ചു. ചിത്രങ്ങളുടെ പേര് പറയാൻ പഠിച്ചു. | ഡിസംബർ<br><br><br><br><br>മാർച്ച് | |

# അക്കാദമിക മാസ്റ്റർപ്ലാൻ 2025 - 26

# യു.കെ.ജി

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

## ക്ലാസ് : യുകെജി

**മേഖല : അക്കാദമികം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|
| കുട്ടികളുടെ ഭാഷാപരമായ കഴിവുകൾ (വായന, എഴുത്ത്, സംസാരം) വർദ്ധിപ്പിക്കുക. | **മലയാളം:**<br>➢ ചെറിയ വാക്യങ്ങൾ പറയാൻ പഠിക്കുക.<br>➢ അക്ഷരമാല (സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷര ങ്ങൾ) തിരിച്ചറിയാനും ഉച്ചരിക്കാനും പഠിക്കുക.<br>➢ രണ്ട്, മൂന്ന് അക്ഷര വാക്കുകൾ വായിക്കാൻ പരിശീലിക്കുക.<br>➢ ചിത്രങ്ങൾ നോക്കി കഥകൾ പറയാൻ പ്രോത്സാഹിപ്പിക്കുക.<br>➢ വരികൾക്കിടയിൽ എഴുതാനുള്ള കഴിവ് വികസിപ്പിക്കുക.<br>➢ ചിത്രകഥകൾ വായിക്കാനും കഥകൾ കേൾക്കാനും അവസരം നൽകുക.<br>**ഇംഗ്ലീഷ്:**<br>➢ എ മുതൽ Z വരെയുള്ള അക്ഷരങ്ങൾ തിരിച്ചറി യാനും ഉച്ചരിക്കാനും പഠിക്കുക<br>➢ ഫോണിക്സ് (Phonics) ഉപയോഗിച്ച് വാക്കുകൾ വായിക്കാൻ പഠിക്കുക.<br>➢ ചെറിയ വാക്കുകൾ (sight words) വായിക്കാൻ പഠിക്കുക.<br>➢ ലളിതമായ ഇംഗ്ലീഷ് കവിതകൾ ചൊല്ലാൻ പരിശീലിക്കുക.<br>➢ ചിത്രങ്ങൾ നോക്കി ഇംഗ്ലീഷിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക.<br>➢ വരികൾക്കിടയിൽ എഴുതാനുള്ള കഴിവ് വികസിപ്പിക്കുക. | | |
| ഗണിതശാസ്ത്ര പരമായ അടിസ്ഥാന ആശയങ്ങൾ മനസ്സിലാക്കുക. | **ഗണിതം:**<br>➢ 1 മുതൽ 100 വരെ അക്കങ്ങൾ തിരിച്ചറിയാനും എഴുതാനും പഠിക്കുക<br>➢ എണ്ണൽ പഠിക്കുക (forward and backward counting).<br>➢ കൂട്ടൽ, കുറയ്ക്കൽ എന്നിവയുടെ അടിസ്ഥാന | | |

| | | | |
|---|---|---|---|
| ചുറ്റുപാടുകളെക്കുറിച്ചുള്ള അറിവ് നേടുക.<br><br>സർഗ്ഗാത്മകതയും വിമർശനാത്മക ചിന്തയും പ്രോത്സാഹിപ്പിക്കുക<br><br>സാമൂഹികവും വൈകാരികവുമായ കഴിവുകൾ വളർത്തുക. | ആശയങ്ങൾ മനസ്സിലാക്കുക (ചിത്രങ്ങൾ ഉപയോഗിച്ച്). വലുത്/ചെറുത്, കൂടുതൽ/ കുറവ്, നീളം കൂടിയത്/കുറഞ്ഞത് തുടങ്ങിയ താരതമ്യങ്ങൾ മനസ്സിലാക്കുക.<br>➢ രൂപങ്ങൾ (shapes) തിരിച്ചറിയുക (വൃത്തം, ചതുരം, ത്രികോണം മുതലായവ).<br>➢ പാറ്റേണുകൾ (patterns) തിരിച്ചറിയാനും പൂർത്തിയാക്കാനും പഠിക്കുക.<br>**പൊതുവിജ്ഞാനം:**<br>➢ സ്വന്തം ശരീരം, കുടുംബം, ചുറ്റുപാടുകൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുക.<br>➢ സസ്യങ്ങൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയെക്കുറിച്ച് അടിസ്ഥാന വിവരങ്ങൾ നേടുക.<br>➢ കാലാവസ്ഥ, ദിവസങ്ങൾ, മാസങ്ങൾ എന്നിവയെക്കുറിച്ച് പഠിക്കുക. ഗതാഗത മാർഗ്ഗങ്ങൾ, തൊഴിലുകൾ എന്നിവയെക്കുറിച്ച് അറിയുക.<br>➢ നല്ല ശീലങ്ങൾ, ശുചിത്വം എന്നിവ പഠിപ്പിക്കുക.<br>**സർഗ്ഗാത്മക കഴിവുകൾ (Creative Arts):**<br>➢ ചിത്രരചന, കളറിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുക.<br>➢ കളിമണ്ണ്, കടലാസ് എന്നിവ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ ഉണ്ടാക്കാൻ പ്രോത്സാഹിപ്പിക്കുക.<br>➢ പാട്ട് പാടാനും നൃത്തം ചെയ്യാനും അവസരം നൽകുക.<br>➢ കഥകൾ പറയുന്നതിനും അഭിനയിക്കുന്നതിനും പ്രോത്സാഹിപ്പിക്കുക.<br>**ശാരീരിക വികാസം (Physical Development):**<br>➢ കളികൾ, ഔട്ട്ഡോർ ആക്റ്റിവിറ്റികൾ എന്നിവയിലൂടെ പേശികളുടെ ഏകോപനം വർദ്ധിപ്പിക്കുക.<br>➢ ഫൈൻ മോട്ടോർ സ്കിൽസ് (Fine Motor Skills) വികസിപ്പിക്കുക (ചിത്രരചന, എഴുത്ത്, പേപ്പർ മുറിക്കൽ)<br>**പഠന രീതിശാസ്ത്രം:**<br>➢ കളികളിലൂടെ പഠനം കുട്ടികൾക്ക് പഠനം ആസ്വാ | | |

| | | | |
|---|---|---|---|
| | ദ്യകരമാക്കാൻ കളികൾ ഉപയോഗിക്കുക.<br>➢ പ്രവർത്തനങ്ങളിലൂടെ പഠനം: പ്രായോഗിക പ്രവർത്ത നങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും പഠിക്കാൻ അവസരം നൽകുക.<br>➢ കഥകൾ: കഥകളിലൂടെ ആശയങ്ങൾ പഠിപ്പിക്കുക.<br>➢ കാഴ്ച ശ്രവണ പഠനം: ചിത്രങ്ങൾ, വീഡിയോകൾ, പാട്ടുകൾ എന്നിവ ഉപയോഗിച്ച് പഠനം ആകർഷകമാക്കുക.<br>➢ ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഒരുമിച്ച് പ്രവർത്തിക്കാനും പരസ്പരം സഹായിക്കാനും പഠിപ്പിക്കുക<br>➢ വ്യക്തിഗത ശ്രദ്ധ: ഓരോ കുട്ടിയുടെയും പഠന നിലവാരം മനസ്സിലാക്കി ആവശ്യമായ ശ്രദ്ധ നൽകുക.<br>**മൂല്യനിർണ്ണയം:**<br>➢ ഫോർമേറ്റീവ് അസസ്മെന്റ് (Formative Assessment): ക്ലാസ്സ് റൂം പ്രവർത്തനങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂ ടെയും കുട്ടികളുടെ പുരോഗതി വിലയിരുത്തു.<br>➢ പീരിയോഡിക് അസസ്മെന്റ് : ഓരോ ടേമിന്റെയും അവസാനം പഠിച്ച കാര്യങ്ങൾ വിലയിരുത്തുക.<br>➢ രക്ഷിതാക്കളുമായുള്ള ആശയവിനിമയം: കുട്ടികളുടെ പുരോഗതി രക്ഷിതാക്കളെ അറിയിക്കുകയും അവരുടെ നിർദ്ദേശങ്ങൾ തേടുകയും ചെയ്യുക<br>**പ്രത്യേക പരിപാടികൾ:**<br>➢ വിവിധ ദിനാചരണങ്ങൾ (പരിസ്ഥിതി ദിനം, സ്വാതന്ത്ര്യ ദിനം മുതലായവ).<br>➢ വിദ്യാഭ്യാസപരമായ യാത്രകൾ (പാർക്ക്, ലൈബ്രറി, പോസ്റ്റ് ഓഫീസ് മുതലായവ),<br>➢ ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ.<br>➢ രക്ഷിതാക്കളുമായുള്ള സംവാദങ്ങൾ:ഈ മാസ്റ്റർ പ്ലാൻ കുട്ടികളുടെ സമഗ്രമായ വികാസത്തിന് സഹായിക്കുമെന്ന് വിശ്വസിക്കുന്നു.<br>➢ രക്ഷിതാക്കളുടെയും അധ്യാപകരുടെയും സഹകരണത്തിലൂടെ മാത്രമേ ഇത് പൂർണ്ണമായി നടപ്പിലക്കാൻ സാധിക്കുകയുള്ളൂ. | | |

# അക്കാദമിക മാസ്റ്റർപ്ലാൻ 2025 - 26

# എൽ.പി

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

## ക്ലാസ് ഒന്ന്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| ഒന്നാംക്ലാസിലെ എല്ലാ കുട്ടിക ളെയും ലളിത മായ ബാലസാ ഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവു ള്ളവരാക്കുക. | ➢ ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു<br>➢ രക്ഷിതാക്കൾക്ക് കഥ പറയൽ പരിശീലനം | ജൂൺ | | |
| | ➢ ടീച്ചർ പുസ്തകങ്ങൾ(കഥ) ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.<br>➢ വീട്ടുവായന- രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു (ചൂണ്ടിവായന)<br>➢ കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു<br>➢ ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു<br>➢ കഥശില്പ്പശാല<br>➢ ചിത്രകാർഡുകൾ, വായനകൾ, നിർമാണ ശില്പശാല<br>➢ ഡിജിറ്റൽ സാധ്യതകളിലൂന്നി കഥകാണാനും കേൾക്കാനും, പുനരവതരണത്തിനുമുള്ള സാധ്യതകൾ ഒരുക്കൽ | ജൂലൈ | | |
| | ➢ തീയേറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവയുപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ | ആഗസ്റ്റ് | | |

| | | | | |
|---|---|---|---|---|
| | ➢ കഥയുടെ പുനരവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും പ്രോപ്പർട്ടികളുടെ സഹായത്തോടെയും അവതരിപ്പിക്കാൻ അവസരം<br><br>➢ ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു (കുട്ടിയുടെ വാചിക പ്രകടനങ്ങൾ)<br>➢ ചിത്രങ്ങൾക്ക് സഹായത്തോടെ ലളിതമായ അടിക്കുറിപ്പെഴുതൽ<br>➢ ചിത്രവായനാക്കാർഡുകൾ തയ്യാറാക്കൽ<br>➢ കൂട്ടുവായന - കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച് ചിത്രകഥാവായന നടത്തുന്നു.<br><br>➢ ലളിതമായ വായനക്കാർഡുകൾ സഹായത്തോടെ വായിക്കുന്നു.<br>➢ വേദികളിൽ സ്വതന്ത്രമായി കഥ പറയൽ<br><br>➢ ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടിച്ചറും രക്ഷിതാക്കളും<br>➢ എഴുതുന്നു. കുട്ടി സഹായത്തോടെ വായിക്കുന്നു.<br>➢ കുട്ടികൾ നിർമിച്ച കഥകളുടെ പ്രകാശനം<br>➢ നാട്ടുവായന കുട്ടികൾ നിർമിച്ച | സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>നവംബർ | | |

| | | | | |
|---|---|---|---|---|
| | കഥകൾ അവർതന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു.<br>➢ ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു<br>➢ വായനക്കാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു.<br>➢ ചെറിയ ചെറിയ ബാലസാഹിത്യ കൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു.<br>➢ കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു<br>➢ ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു. സചിത്ര പുസ്തകങ്ങൾ വായിക്കുന്നു.<br>➢ നവ മാധ്യമങ്ങളിൽ പങ്കിടുന്നു (നാട്ടുവായന)<br>➢ ഭാഷാ പിരിയഡുകളിൽ തത്സമയ നിർമിത കഥകൾ വായിക്കൽ.<br>➢ ഒന്നാംതരത്തിൽ പ്രവേശിക്കുന്ന കുട്ടികളെ വായിച്ചുകേൾപ്പിക്കുന്നതിനാവശ്യമായ വായന കാർഡുകളുടെ വിതരണം.<br>➢ ക്ലാസ് ലൈബ്രറിയിലെ 20 പുസ്തകങ്ങൾ എങ്കിലും ഓരോ കുട്ടിയും വായിക്കുന്നതിന് അവസരം ഒരുക്കുന്നു. | ജനുവരി<br><br>ഫെബ്രുവരി<br><br>മാർച്ച്<br><br>എല്ലാ മാസവും | | |
| എല്ലാ കുട്ടികളും സ്വന്തം | ➢ ചിത്രങ്ങൾക്ക് രക്ഷിതാവിന്റെ സഹായത്തോടെ അടിക്കുറി | | | |

| | | | | |
|---|---|---|---|---|
| ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടുമെന്നു ഉറപ്പുവരുത്തുക | പ്പെഴുതൽ<br>➢ എല്ലാ ആഴ്ചയിലും പങ്കാളിത്ത പാഠങ്ങൾ (ചോദ്യങ്ങളിലൂടെ രൂപപ്പെടുത്തുന്ന ലളിത പാഠങ്ങൾ)<br>➢ ഡയറി എഴുത്ത് (സഹായത്തോടെ), കഥ പൂരിപ്പിക്കൽ<br>➢ കാർട്ടൂണുകൾക്ക് സംഭാഷണമെഴുതൽ<br>➢ കുഞ്ഞെഴുത്ത് കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചനാ ശില്പശാലകൾ<br>➢ വീഡിയോപാഠങ്ങൾ – ലഘു വീഡിയോ പ്രദർശിപ്പിച്ച് അതിൽ നിന്നും ചോദ്യങ്ങളിലൂടെ പങ്കാളിത്ത പാഠങ്ങൾ നിർമിക്കൽ( ആദ്യം അറിയാവുന്ന രീതിയിൽ കുട്ടി എഴുതുന്നു, പിന്നെ ടീച്ചറെഴുത്തു നോക്കി മെച്ചപ്പെടുത്തി എഴുതുന്നു) | | | |

## അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

## ക്ലാസ് രണ്ട്

**മേഖല : അക്കാദമികം**

**ഉപമേഖല : ഗണിതം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഗണിതകളി | ആഴ്ചയിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ | S.S.A |
| ഗണിതാസ്വാദനം | പാറ്റേണുകൾ, കുസൃതിക്കണക്ക്, പസിലുകൾ | ആഴ്ചയിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ | S.S.K |
| യുക്തിചിന്ത | മനക്കണക്കുകൾ ഊഹിച്ചു പറയൽ | ദിവസം ഒന്ന് | ക്ലാസ് ടീച്ചർ | |
| യൂണിറ്റ് 1 | ➢ അടുക്കളയിലെ രൂപങ്ങൾ<br>➢ ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ<br>➢ പാറ്റേൺ രൂപീകരിക്കൽ<br>➢ ജ്യാമിതീയ രൂപങ്ങളുമായി ബന്ധപ്പെട്ട് ചിത്രങ്ങൾ വരക്കൽ | ജൂൺ | | |
| യൂണിറ്റ് 2<br>ഒളിച്ചേ... കണ്ടേ | ➢ 50 വരെയുള്ള സംഖ്യകൾ എണ്ണാൻ, എവുതാൻ (സംഖ്യാബോധം)<br>➢ ആരോഹണം, അവരോഹണം.. യുക്തിചിന്ത ഉണർത്തുന്ന ചോദ്യങ്ങൾ(പേജ് 27, 29)<br>➢ ICT പ്രയോജനപ്പെടുത്തൽ (വിട്ടു പോയ സംഖ്യകൾ കൂട്ടിച്ചേർക്കൽ)<br>➢ പാറ്റേൺ കണ്ടെത്തൽ (പേജ് 31)<br>➢ 10 കൾ ഒന്നുകൾ കണ്ടെത്തൽ | ജൂലൈ | | |
| യൂണിറ്റ് 3<br>നല്ല നാടിനായ് നല്ല നാളേക്കായ് | ➢ 1 മുതൽ 200 വരെയുള്ള സംഖ്യകൾ പരിചയപ്പെടൽ, ക്രമത്തിലെഴുതൽ.<br>➢ ഒരു സംഖ്യയുടെ ഇരട്ടി കണ്ടെത്തൽ | ആഗസ്റ്റ് | | |

| | | | | |
|---|---|---|---|---|
| | ➢ നിറം കൊടുക്കൽ (പേജ് 45)<br>➢ സംഖ്യ വ്യാഖ്യാനിക്കൽ<br>➢ 100 നു ശേഷമുള്ള സംഖ്യകളെ പരിചയപ്പെടൽ<br>➢ ഗുപ്താക്കാർഡ് കളി<br>➢ യുക്തിചിന്താപരമായ വിശകലന ചോദ്യങ്ങൾ ചോദിക്കൽ<br>➢ ഗണിത ക്വിസ് | | | |
| യൂണിറ്റ് 4 സമ്മാനപ്പൊതി | ➢ നോട്ടുകളും നാണയങ്ങളും പരിചയപ്പെടൽ.(1, 2, 3, 4, 5, 6, 7, 8, 9, 10) | സെപ്തംബർ | | |
| യൂണിറ്റ് 5 ഒന്നായി ചേരാം, നന്നായി വളരാം | ➢ കൂട്ടങ്ങളാക്കാം (10)<br>➢ സ്ഥാനവില അനുസരിച്ച് സംഖ്യകളെ പിരിച്ചെഴുതൽ<br>➢ പ്രശ്നപരിഹരണ ചോദ്യഹ്ങൾ<br>➢ വിലവിവരപ്പട്ടിക<br>➢ പസ്സിലുകൾ (പേജ് 86) | ഒക്ടോബർ | | |

## അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

**ക്ലാസ് രണ്ട്**

**മേഖല : അക്കാദമികം**

**ഉപമേഖല : പരിസരപഠനം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| ലഹരി വിമുക്തമായ തലമുറയെ സൃഷ്ടിക്കുന്നതിന് | ➢ ലളിതമായ കഥകളിലൂടെ ബോധവൽക്കരണം<br>➢ ICT | ജൂൺ | ക്ലാസ് ടീച്ചർ | |
| റോഡ് നിയമങ്ങൾ, വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ആരോഗ്യ വ്യായാമ കായിക ക്ഷമത, ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം, പരസ്പര സഹകരണത്തിന്റെ പ്രാധാന്യം എന്നിവ തിരിച്ചറിയുന്നതിന് | ➢ ഫീൽഡ് ട്രിപ്പ്<br>➢ ചാർട്ട് പ്രദർശനം<br>➢ ICT<br>➢ പോസ്റ്റർ നിർമ്മാണം | ജൂൺ | ക്ലാസ് ടീച്ചർ | |
| നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | ➢ ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പരിസരവുമായി ബന്ധമുള്ളവ | ജൂൺ | ക്ലാസ് ടീച്ചർ | |
| ശുചിത്വബോധ | ➢ ബോധവൽക്കരണ ക്ലാസുകൾ, | ജൂൺ | ക്ലാസ് ടീച്ചർ<br>SRG | |

| | | | | |
|---|---|---|---|---|
| മുള്ള വ്യക്തി ിവവും സമൂഹവും സൃഷ്ടിക്കുന്നതിന് | പോസ്റ്റർ, രചനാ മത്സരം | | SMC | |
| ലഘുപരീക്ഷണ ങ്ങളിൽ ഏർപ്പെടു കയും പരീക്ഷണ ക്കുറിപ്പുകൾ തയ്യാ റാക്കുകയും ചെയ്യുന്നു. | ➢ ലഘുപരീക്ഷണങ്ങൾ | ജൂൺ | ക്ലാസ് ടീച്ചർ | |
| ജലസ്രോതസ്സുകൾ സംരക്ഷിക്കുന്ന തിന്റെ ആവശ്യകത തിരിച്ചറിയുന്നു. | ➢ പദസൂര്യൻ<br>➢ പോസ്റ്റർ<br>➢ ചർച്ച<br>➢ പ്രകൃതി നടത്തം | ജൂൺ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| വിവിധതരം കൃഷികളും കൃഷി ഉപകരണ ങ്ങളും അവ യുടെ ഉപയോഗ ങ്ങളും കൃഷി യുടെ ഘട്ടങ്ങളും തിരിച്ചറിയുന്നു. | ➢ പട്ടികപ്പെടുത്തൽ<br>➢ തരംതിരിക്കൽ<br>➢ ഫീൽഡ് ട്രിപ്പ് ശേഖരണം<br>➢ രൂപങ്ങൾ - പച്ചക്കറി | | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| ദിനാചരണങ്ങൾ തിരിച്ചറിയുന്നു. സ്വാതന്ത്ര്യ സമര സേനാനി കളെ പരിചയ പ്പെടുന്നു. | ➢ ദേശീയ പതാക നിർമ്മാണം, നിറം നൽകൽ<br>➢ ആൽബം നിർമ്മാണം | ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| ശുചിത്വശീലങ്ങൾ തിരിച്ചറിയുന്നു. | ➢ പോസ്റ്റർ | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| മാലിന്യ സംസ്കര | ➢ തരംതിരിക്കൽ | | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ണത്തെക്കുറിച്ച് അവബോധം വളർത്തൽ | ➢ പ്രതിജ്ഞ | ആഗസ്റ്റ് | | |
| വിവിധ ആഹാര ങ്ങളെക്കുറിച്ചും അവയുടെ രുചിയെ ക്കുറിച്ചും തിരിച്ചറി യുന്നു. | ➢ പട്ടികപ്പെടുത്തൽ | സെപ്തംബർ | ക്ലാസ് ടീച്ചർ | |
| ആഹാരപദാർത്ഥ ങ്ങൾ തരംതിരി ക്കൽ | ➢ പ്രോജക്ട് വർഗ്ഗീകരണം<br>➢ ഹെൽത്ത് ചാർട്ട് | സെപ്തംബർ | ക്ലാസ് ടീച്ചർ | |
| പാചകരീതി പരിച യപ്പെടുന്നു | ➢ പാചകക്കുറിപ്പ് തയ്യാറാക്കൽ | സെപ്തംബർ | ക്ലാസ് ടീച്ചർ | |
| വീട് നിർമ്മാണവു മായി ബന്ധപ്പെട്ട തൊഴിലുകൾ തിരി ച്ചറിയുന്നു | ➢ ആൽബം പദസൂര്യൻ | ഒക്ടോബർ | ക്ലാസ് ടീച്ചർ | |
| വീട് നിർമ്മാണ ഘട്ടങ്ങൾ തിരിച്ചറി യുന്നു | ➢ ഫീൽഡ് ട്രിപ്പ് | ഒക്ടോബർ | ക്ലാസ് ടീച്ചർ | |

## ACADEMIC PLAN – ENGLISH

**Class : II**

| S.no | Aim | Activity | Period | Assigned by | Expense |
|---|---|---|---|---|---|
| 1. | To speak read and write English without any mistake | Pre test games action songs, Hello English activities. | June to March | English teachers | |
| 2 | Listening skills | Conversation, Skit, stories use ICT | June to March | English teachers | |
| 3 | Speaking skills | Identifying the naming word from the pictures. identifying the action words from the same picture. make simple sentence using the action word and naming words about the pictures. Make simple description about the picture growing sentences English Assembly. | July August | English teachers | |
| 4 | To express thoughts, feelings etc. | Speech book review. Self introduction Description, thought, riddles, Making magazine | August September | English teachers | |

| | | | | | |
|---|---|---|---|---|---|
| 5 | Develop creative speaking and writing | TB activities , reading library books, Rhyming words, describing words. | | English teachers | |
| 6 | Improve reading skills, writing skills. | Make word, web picture description with describing words, word chain and sentence chain conversation. add more lines stories. | October November | English teachers | |
| 7 | Develop creative speaking and writing, reading skills, Library book, reading conversarion sills. | Speech gives riddles make magazine, read diary.<br>Quiz | November March | English teachers | |

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

## ക്ലാസ് രണ്ട്

**മേഖല : അക്കാദമികം**

**ഉപമേഖല : മലയാളം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളും തെറ്റില്ലാത്ത ഭാഷയിൽ ചെറുവാക്യങ്ങൾ എഴുതാൻ കഴിവ് നേടുന്നു. രക്ഷിതാവിന്റെ സഹായത്തോടെ സചിത്ര ഡയറി തയ്യാറാക്കുന്നു. ചിത്രം വരച്ച് നിറം നൽകുന്നു. | ➢ സചിത്രബുക്ക്, സംയുക്ത ഡയറി, പ്രവർത്തന പുസ്തകം, വായവനാ കാർഡ്, കുട നിർമ്മാണം, പരീക്ഷണം(കുപ്പി), ചിത്രരചന, സ്വതന്ത്ര രചന, പരിസ്ഥിതി ദിനം പ്രവർത്തനങ്ങൾ, വായനോത്സവം, അമ്മവായന<br>➢ ക്വിസ്, പോസ്റ്റർ, വായനമൂല, വായനാക്കാർഡ്, ചിത്രക്കാർഡ് (വായന), ചിത്രരചന, അഭിനയം, പുതിയ പദങ്ങൾ, സംഭാഷണം | ജൂൺ<br>ജൂലായ് | | |
| സ്വതന്ത്ര രചനയിൽ ഏർപ്പെടുന്നു. | ➢ കഥ തയ്യാറാക്കൽ, നാടകം, യോഗ ദിനം പ്രവർത്തനങ്ങൾ, ഡയറി, കവിതാരചന, കുറിപ്പ് | ആഗസ്റ്റ് | | |
| നിർദ്ദേശങ്ങൾക്കനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. കുട്ടിക്കവിതകൾ താളാത്മകമായി ചൊല്ലുന്നു. | ➢ പതാക നിർമ്മാണം, തൊപ്പി നിർമ്മാണം, സ്വാതന്ത്ര്യദിനപ്പതിപ്പ്<br>➢ കവിതാലാപനം<br>➢ ആനയെക്കുറിച്ച് കുറിപ്പ്<br>➢ അനുഭവക്കുറിപ്പ്<br>➢ ജീവചരിത്രക്കുറിപ്പ്<br>➢ തുള്ളൽപാട്ട്<br>➢ വ്യക്തിശുചിത്വം ക്ലാസ്സ്<br>➢ പോസ്റ്റർ നിർമ്മാണം | സെപ്തംബർ | | |

| | | | | |
|---|---|---|---|---|
| സ്വതന്ത്ര രചന | ➢ വായനാ കാർഡ്<br>➢ പാചകക്കുറിപ്പ്<br>➢ തരംതിരിക്കൽ<br>➢ പട്ടികപ്പെടുത്തൽ<br>➢ നിരീക്ഷണം<br>➢ കടങ്കഥ<br>➢ ചിത്രം നോക്കി കഥ പൂർത്തീകരണം<br>➢ വരികൾ കൂട്ടിച്ചേർക്കാം<br>➢ വായനാക്കാർഡ്<br>➢ വീട് നിർമ്മാണം<br>➢ സംഭാഷണം, കഥ<br>➢ വീടുകൾ പലതരം<br>➢ വിവിധതരം തൊഴിലുകൾ<br>➢ ചൊല്ലി രസിക്കാം<br>➢ ക്ഷണക്കത്ത് നിർമ്മാണം | ഒക്ടോബർ | | |

## അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

## ക്ലാസ് മൂന്ന്, നാല്

**മേഖല : അക്കാദമികം**

**ഉപമേഖല : മലയാളം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| **മധുരം മലയാളം** ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരിക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG<br>Class teacher | |
| **വായിക്കാം വളരാം** വായനാശേഷി വളർത്തൽ | ക്ലാസ് വായനാകൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനാക്കുറിപ്പ്, ആസ്വാദന ക്കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class teacher<br>CPTA | PTA |
| **എഴുതാം തെളിയാം** എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG<br>Class teacher | PTA |
| **എഴുത്തുകാരെ, സാഹിത്യകാര ന്മാരെ പരിചയപ്പെ ടൽ, സംവദിക്കൽ** ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യ കാരന്മാ രെ അടുത്തറിയൽ | സാഹിത്യകാരന്മാരുടെ ക്ലാസുകൾ പങ്കെടുക്കൽ സന്ദർശനം | ആവശ്യാനു സരണം | Class teacher | |
| **കലക്കൂട്ട്** പാഠഭാഗവുമായി ബന്ധപ്പെട്ട കല കൾ നേരിട്ടറിയൽ ICT | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലാ ഉപകരണങ്ങൾ പരിചയപ്പെടൽ | വർഷത്തി ലൊന്ന് | SRG<br>Class teacher<br>CPTA | |

| | | | | |
|---|---|---|---|---|
| **സർഗ്ഗോത്സവം**<br>ഭാഷ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>Class teacher<br>CPTA | PTA |
| **കണ്ടറിയാം കേട്ടറിയാം**<br>അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ ICT | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class teacher | |
| **രുചിച്ചറിയാം**<br>നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള, ക്ലാസിൽ ഒരു സദ്യ | വർഷത്തിൽ ഒന്ന് | SRG<br>Class teacher<br>PTA | |
| **ഓർക്കാം അഭിമാനിക്കാം**<br>സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മ ദിനങ്ങൾ ആചരിക്കൽ -ICT പ്രദർശനം, പുസ്തകപരിചയം, ക്വിസ് ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം | ആവശ്യാനുസരണം | SRG<br>Class teacher<br>CPTA | |

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 26

## ക്ലാസ് മൂന്ന്, നാല്

**മേഖല : അക്കാദമികം**

**ഉപമേഖല : ഇംഗ്ലീഷ്**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി** ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കാൻ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക് | വർഷം മുഴുവൻ | Class teacher | |
| **ഇംഗ്ലീഷ് ഡയറി** തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതാം | ആഴ്ചയിൽ രണ്ടുദിവസം | Class teacher | |
| **ഇംഗ്ലീഷ് ICT** സർഗ്ഗാത്മക പരിപോഷണം | Skit, Drama, Story, Rhyme, Conversation വ്യവഹാര രൂപങ്ങളെ പരിചയപ്പെടൽ അവതരിപ്പിക്കൽ | മാസത്തി ലൊന്ന് | Class teacher | |
| **ഇംഗ്ലീഷ് പതിപ്പ്** നിർമ്മാണം സർഗാത്മകതാ രചന ശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്നുമാസ ത്തിലൊരി ക്കൽ | Class teacher<br>CPTA | PTA |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കയ്യെഴുത്ത്** ഇംഗ്ലീഷ് ഭാഷയിലെ രചന മികവ് പരിപോഷിപ്പിക്കൽ | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ചാർട്ട് പതിപ്പ്, കത്ത് നിർമ്മാണം | മാസത്തിൽ ഒന്ന് | Class teacher | PTA |
